**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6309** **20-03-2023 - ൽ മറുപടിയ്ക്ക്**

**മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ് കളുടെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വിവിധ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം , നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ , കുടിവെള്ള പദ്ധതികൾ, അഗ്നിപ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക് , ജല ശുദ്ധീകരണ പദ്ധതി, ഖര ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, സോളാർ പവർ പ്ലാന്റ് , സി.സി.റ്റി.വി. , സ്റ്റീം ബേസ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ, ബ യോ ഹസാഡ് സ്പിൽ കിറ്റ് എന്നിവ ലഭ്യമാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പഠനാന്തരീക്ഷവും അധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗേജ് ലാബ്, കംമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബുകൾ, ഇ ബുക്ക് ലൈബ്രറി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br><br>പട്ടികജാതി വകപ്പിന് കീഴിലുള്ള എം.ആർ എസ്. കളിൽ കെട്ടിട നവീകരണം, കളിസ്ഥല നവീകരണം, മറ്റ് ആധുനിക നിർമ്മാണ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കി വരുന്നു. ഇന്റർനെറ്റ് കണക്ഷനോട്ടു കൂടിയ കമ്പ്യൂട്ടർ ലാബുകൾ എം.ആർ.എസുകളിൽ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള സയൻസ് ലാബ്, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബുകൾ എന്നിവ |

| | | | |
|---|---|---|---|
| | | | **ആധുനികവത്ക്കരിക്കുന്നതിനു ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. പഠന നിലവാരം ഉയർത്തുന്നതിനാവശ്യമായ പരിശീലനം കൃത്യമായ ഇടവേളകളിൽ അധ്യാപകർക്ക് നൽകുന്നുണ്ട്.** |
| (ബി) | പ്രസ്തുത സ്കൂളുകളിൽ വിദ്യാർത്ഥികളുടെ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കുന്നതിനും വ്യക്തിത്വ വികസനത്തിനുമുള്ള പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് പാഠ്യ വിഷയങ്ങളിൽ പ്രത്യേക ക്ലാസുകൾ നൽകി വരുന്നു. കണക്ക്, ഇംഗ്ലീഷ്, മലയാളം വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ സമയത്തിന് ശേഷം സ്പെഷ്യൽ ക്ലാസുകൾ നൽകുന്നു. വിദ്യാർത്ഥികളുടെ പഠനം ഫലപ്രദമാക്കാൻ സയൻസ് ലാബ്, മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ്, ലൈബ്രറി തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കുന്നതിനായി യോഗ പരിശീലനം, സംഗീത പരിശീലനം, കായിക പരിശീലനം എന്നിവ നൽകുന്നു. കൂടാതെ സയൻസ് ക്ലബ്, മാത്സ് ക്ലബ്, പരിസ്ഥിതി ക്ലബ്, ലഹരി വിരുദ്ധ ക്ലബ് മുതലായവയും പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി മോട്ടിവേഷൻ ക്ലാസുകൾ, പ്രസംഗ പരിശീലന ക്ലാസുകൾ, കൗൺസിലിംഗ് ക്ലാസുകൾ, മഞ്ചാടി പ്രോഗ്രാം, കൃഷി സംബന്ധമായ ക്ലാസുകൾ വിവിധ കലാപരിപാടികൾ എന്നിവ നടത്തി വരുന്നു. ശാസ്ത്ര കായിക മേളകളിലും കലോത്സവങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ് യുണിസെഫ്-ന്റെ സഹകരണത്തോടെ വിദ്യാർത്ഥികളുടെ സാമൂഹികവും മാനസികവുമായ പുരോഗതിക്കായി സോഫ്റ്റ് സ്കില്ലുകൾ നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമെ എസ്.ഇ.ഇ.ആർ.ടി, ഹയർ സെക്കണ്ടറി വകുപ്പിന്റെ കരിയർ സെൽ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നിവയുടെ സഹകരണത്തോടെ മികവ് കൈവരിക്കുന്നതിനായി പരിശീലനങ്ങളും നൽകിവരുന്നുണ്ട്. ഇതിനു പുറമെ ഓരോ സ്കൂളുകളിലും പ്രാദേശികമായി വ്യക്തിത്വ വികസന നൈപുണ്യ വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.** |
| (സി) | വിവിധ മത്സര പരീക്ഷകളിൽ വിജയം കൈവരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പ്രത്യേകം പരിശീലന പരിപാടികളും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നൈപുണി ശേഷി | (സി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിനായി കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, മെഡിക്കൽ / |

| | | | |
|---|---|---|---|
| | വികസന പരിപാടികളും പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | എഞ്ചിനീയറിംഗിന് പ്രവേശന പരീക്ഷകൾക്കായി പരിശീലനം, പ്രത്യേക പരിശീലന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. ലൈഫ് സ്കിൽ പ്രവർത്തനങ്ങൾ നടത്താറുണ്ട്.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ മെഡിക്കൽ/ എഞ്ചിനീയറിംഗിന് പ്രവേശന പരീക്ഷകൾ, നിയമപഠനത്തിനായുള്ള പ്രവേശന പരീക്ഷകൾ, കേന്ദ്ര സർവ്വകലാശാലകളിൽ പ്രവേശനത്തിനുള്ള പരീക്ഷകൾ എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകി വരുന്നുണ്ട്. ഇതോടൊപ്പം തൊഴിൽ നൈപുണ്യം വികസപ്പിക്കുന്നതിനുള്ള പരിപാടികളും നടപ്പാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ